ഉത്തരം

(എ) അനുബന്ധം (എ)യിൽ ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.*

(സി) ഇവിടെ കിടത്തിചികിത്സ തുടങ്ങിയിട്ടുണ്ട്. ഐ.പി., ഒ.പി. നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ട്രൈബൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ ആശുപത്രി ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

കാസർഗോഡ് ജില്ലാ ആശുപത്രിയുടെ വികസനം

15 (1735) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സീനിയർ സർജൻ തസ്തിക നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ജില്ലാ ആശുപത്രിയിലെ പേ വാർഡിൽ അടിസ്ഥാന സൗകര്യങ്ങളും, ചികിത്സാ ഉപകരണങ്ങളും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി സർജറി വിഭാഗത്തിൽ കൺസൾട്ടന്റിന്റെയും ജൂനിയർ കൺസൾട്ടന്റിന്റേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന ജൂനിയർ കൺസൾട്ടന്റ് തസ്തിക ഉടനെതന്നെ നികത്തുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജില്ലാ ആശുപത്രികളിൽ സൈക്യാട്രിസ്റ്റ് നിയമനം

16 (1736) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ സൈക്യാട്രിസ്റ്റിന്റെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇത് ഏതെല്ലാം ആശുപത്രികളിലാണെന്ന് വിശദമാക്കുമോ ;

(ബി) ഈ തസ്തികയിലേക്ക് പി.എസ്.സി. നിയമനപ്പട്ടിക നിലവിലുണ്ടോ എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ ഈ ഒഴിവുകൾ നികത്തുവാൻ പി.എസ്.സി. മുഖേന നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സ്പെഷ്യലിറ്റി/അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി സൈക്യാട്രി വിഭാഗത്തിൽ ആകെ 15 ഒഴിവുകൾ നിലവിലുണ്ട്. ജില്ലാ ആശുപത്രികളിലെ സൈക്യാട്രി വിഭാഗം ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു :

1.	ജനറൽ ആശുപത്രി, കാസർഗോഡ്	- 1
2.	ജനറൽ ആശുപത്രി, തലശ്ശേരി	- 1
3.	ജില്ലാ ആശുപത്രി, കണ്ണൂർ	- 2
4.	ജില്ലാ ആശുപത്രി, മഞ്ചേരി	- 1
5.	ജില്ലാ ആശുപത്രി, പാലക്കാട്	- 1
6.	ജില്ലാ ആശുപത്രി, ഇടുക്കി	- 1

(ബി&സി) ഈ തസ്തികയിലേക്ക് (ജൂനിയർ കൺസൾട്ടന്റ് സൈക്യാട്രി) നേരിട്ട് നിയമനത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് സ്പെഷ്യലിസ്റ്റുമാരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശപട്ടിക ലഭിച്ചാലുടൻതന്നെ ഒഴിവുകൾ നികത്തുന്നതാണ്.

പാലക്കാട് ജില്ലാ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

17 (1737) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലാ ആശുപത്രിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഈ കാലയളവിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; ഏതൊക്കെ തസ്തികകളിലാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത് എന്നറിയിക്കുമോ ;

(സി) ഈ ആശുപത്രിയുടെ ഭാവി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലാ അശുപത്രിയിൽ എക്കോ കാർഡിയോഗ്രാം സജ്ജമാക്കിയിട്ടുണ്ട്. ആന്റിനേറ്റൽ വാർഡ് സ്റ്റെറിലൈസേഷൻ വാർഡ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ നവീകരിച്ചു. 10 ലക്ഷം രൂപ ചെലവിൽ 160 കെവി ജനറേറ്റർ സ്ഥാപിച്ചു. ഫിസിക്കൽ മെഡിസിൻ, അനക്സ് കെട്ടിടം പണി പൂർത്തീകരിച്ചു. ട്രോമാകെയർ യൂണിറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കും. ഒരു ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമായിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം ജില്ലാ ആശുപത്രിയിൽനിന്നും വേർപെടുത്തി പ്രത്യേക ആശുപത്രിയാക്കി ഉത്തിവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly